മംഗലത്തായിരുന്നാൽ തരക്കേടില്ലെന്നും ആ പ്രദേശത്തുള്ള ആളുകൾ ആവശ്യപ്പെടുന്നുണ്ട്. ആ സംഗതി ഗവൺമെൻറിനെ ധരിപ്പിയ്ക്കുവാൻ വേണ്ടിയാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഇതു് ഗവൺമെൻറ് സ്വീകരിയ്ക്കുമെന്നു ഞാൻ വിശ്വസിയ്ക്കുന്നു.

Mr. T. A. Ramachandra Ayyar:—I second it.

Mr. D. Raghavendra Rao:—Sir, this is a matter that has been brought to the notice of the Government on two or three former occasions and it will be considered by the Government during the framing of the next budget. It is not a fact that there are only three institutions in the Talapilly taluk. More grant-in-aid institutions have been opened in that taluk and two more places have been suggested of which Desamangalam will be one.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ:—ഗവൺമെൻറിൽനിന്നും ഈ സംഗതിയെക്കുറിച്ചു കായ്മമായിട്ടാലോചിയ്ക്കാമെന്നു പറഞ്ഞ സ്ഥിതിയ്ക്കു് താമസിയാതെ നടക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ ഇതിനെ പിൻവലിയ്ക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

The motion was, with leave, withdrawn.

8. Separate Ear, Nose and Throat Sections in Hospitals.

The following Resolution standing in the name of Mr. P. Krishna Menon could not be moved as the Member was presiding and hence considered withdrawn.

"This Council recommends to the Government that an E. N. T. (Ear, Nose and Throat) separate section be opened in the Ernakulam General Hospital and if possible at the Trichur Civil Hospital also."

9. Reduction of School Fees.

Mr. K. Ayyappan:—*"This Council recommends to the Government that, in view of the difficulties of the people owing to the economic depression the School Fees be reduced considerably".*

സർ, ഈ നിശ്ചയം വളരെ പ്രധാനമായ ഒന്നാണ്. നികുതിയിളവുപോലെയുള്ള ഒന്നല്ല. നികുതി കുറയ്ക്കുവാൻ എല്ലാവരും ആവശ്യപ്പെടുന്നു. എന്നാൽ നികുതി കൂട്ടിയാലും തരക്കേടില്ല. എൻറെ നിശ്ചയത്തിൽ പറയുന്നതുപോലെ സ്കൂൾ ഫീസു കുറച്ചാൽ ജനങ്ങൾക്കു വളരെ ഉപകാരമുണ്ട്. ഓരോ കുടുംബങ്ങളിലേയും ചിലവെടുത്തു നോക്കിയാൽ വിദ്യാഭ്യാസച്ചിലവുപോലെ കൂടുതൽ ചിലവുള്ള ഒരി

LIBRARY ARCHIVES Kerala Legislative Assembly

നം വേറെ കാണുകയില്ല. ഇപ്പോഴത്തെ സാമ്പത്തികപ്രതിസന്ധി നിവാരണശ്രമത്തിൽ പ്രധാനമായി ചെയ്യേണ്ട ഒരു കാര്യമാണിതു്. ഇതു് കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഒരു കാര്യമായതുകൊണ്ടു് ഗവൺമെൻറ് ഈ വിഷയത്തിൽ ദയവായി ഒരു ആനുകൂല്യം ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

Mr. K. M. Ibrahim—I second it.

Mr. Joseph Pettah—Sir, I desire to say a few words in support of the motion. It is not necessary to advance many arguments because the resolution speaks for itself. My purpose is only to point out that in the sister State of Travancore they have made substantial reduction in the school fees of children. In certain cases it has been a reduction of one-third and in certain cases of 50 per cent. I think the arguments which promoted the sister Government to give this reduction hold good in the case of Cochin also. I do hope that the Government will sympathetically consider this question and grant some relief to the school-going population and thereby to their parents as well.

Mr. I. N. Menon:—Sir, There is no doubt that whatever measure of relief that can be given would be welcomed. Already some measures of relief are being offered through the agency of other departments of Government. This is one more relief which is now claimed. I can say that the only source of income of this department comprises the fees that are levied in the secondary schools and the primary departments of the English schools and this annual income of the department comes roughly to 3 lakhs and any substantial measure of relief given will surely bring down the income by about 75,000 rupees. It will seriously affect the present budgetary position. Already the needs of the department are very barely met and I have stated again and again that many of our urgent reforms are held back, postponed and restricted and, if this little income is also affected the operations of this department will have to be further curtailed. I would therefore suggest that this measure of relief which involves such serious retrenchment of the revenues of the State need not be pressed now.

Mr. A. Sankara Poduval:—While I fully appreciate the difficulties pointed out by the Hon'ble Member for Education, I would like to point out that some measure of relief may be granted at least in respect of primary schools.

Mr. I. N. Menon:—In Primary Schools no fees are levied.

Mr. A. Sankara Poduval:—I mean the primary Department, of English Schools. So far as the Students of the Colleges and High Schools are concerned many of them are the children of

LIBRARY ARCHIVES Kerala Legislative Assembly

people who can afford to pay fees. In respect of primary English schools, Government receives only a very small amount as fees. I know from experience that there is a larger percentage of poor children in the primary classes than in the secondary or college classes. As was pointed out by the Hon'ble Member for Adoor, the Travancore Government have been pleased to make a liberal concession in this behalf in regard to primary schools and secondary schools. So far as Cochin is concerned, I think it would be meet that this small amount realised from Elementary English schools, be either dispensed with or at least be reduced by half. I am in agreement with the general spirit of the Resolution and even if all that has been asked be not granted, yet half a loaf would be better than none at all.

മിസ്റ്റർ പി. സി. വക്കീ:—ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു. വിദ്യാഭ്യാസവകുപ്പിലെ ചിലവിനു റവന്യൂവിൽനിന്നു് ഒരു വലിയ തുക വ്യയം ചെയ്യുന്നുണ്ടെന്നും അതിനാൽ വളരെ ബുദ്ധിമുട്ടനേരിടുന്നുണ്ടെന്നും വിദ്യാഭ്യാസഡയറക്ടർ ഇവിടെ പറയുകയുണ്ടായല്ലോ. ഇവിടത്തെപ്പോലെതന്നെ തിരുവിതാംകൂറിലും ഗവൺമ്മെണ്ടു് റവന്യൂവിൽ വലിയ ഒരു ശതമാനം വിദ്യാഭ്യാസത്തിനായി വ്യയം ചെയ്യുന്നില്ലേ? എന്നിട്ടും പൊതുജനങ്ങൾക്കു നേരിട്ടിരിക്കുന്ന ഇപ്പോഴത്തെ സാമ്പത്തികാരിഷ്ടതകളെ പരിഗണിച്ചു് ഇയ്യിടെ അവിടത്തെ ഗവൺമ്മെണ്ടു്, സ്കൂൾഫീസു കുറക്കുകയുണ്ടായി. പല സംഗതികളിലും ബ്രിട്ടീഷിലേയും, തിരുവിതാംകൂറിലേയും നടപടികളെ ഉദാഹരണമായി എടുത്തുകാണിച്ച സ്വന്തം നടപടികളെ സാധൂകരിക്കാറുള്ള നമ്മുടെ ഗവൺമ്മെണ്ടു് ഒരം കായ്മത്തിൽ മാത്രം തിരുവിതാംകൂർ ഗവൺമ്മെണ്ടിനെ അനുകരിക്കാത്തതെന്താണു്? ഇപ്പോൾ ഒരു കുടുംബത്തിനു് എതുമേ ഭാരമേറിയ ചിലവു് കുട്ടികളുടെ വിദ്യാഭ്യാസമിലാണെന്നു് സകലരും സമ്മതിക്കും. ഭൂനികുതി കുറച്ചാൽ സാധാരണനിലയിലുള്ള ഓരോ കുടുംബത്തിനു് അതു നിമിത്തം ലഭിക്കുന്ന സഹായം തീരെ തുച്ഛമാണു്. സ്കൂൾഫീസു കുറച്ചാൽ ജനസാമാന്യത്തിനു് അതൊരു കായ്മമായ സഹായമായിത്തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതു ഭൂസ്വത്തുള്ളവനും ഇല്ലാത്തവനും ആശ്വാസപ്രദമാകയും ചെയ്യും. അതുകൊണ്ടു് ഈ വിഷയത്തിലേക്കു ഗവൺമ്മെണ്ടിന്റെ സത്വരശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. കോളേജിലെ ഫീസ് കുറയ്ക്കാൻ തരമില്ലെങ്കിൽ പ്രൈമറിയും ലോവർ സെക്കണ്ടറിയും ക്ലാസുകളിലെ ഫീസെങ്കിലും കുറയ്ക്കേണ്ടതാണു്.

പൊതുജനോപകാരത്തിനായി എന്തെങ്കിലും ചെയ്യുവാൻ ഞങ്ങൾ നിർദ്ദേശിക്കുമ്പോൾ ഗവൺമ്മെണ്ടു ഭാഗത്തുനിന്നു് "പണമില്ല" എന്നുള്ള പല്ലവി പാടുക പരിപാടിയാണു്. എന്നാലും അത്യാവശ്യങ്ങളല്ലാത്ത അ

LIBRARY ARCHIVES Kerala Legislative Assembly

ഡംബരങ്ങൾക്കു് പണം വാരിക്കോരി ചിലവിടാൻ ഗവൺമ്മെണ്ടിനു് യാ
തൊരു മടിയും കാണുന്നുമില്ല. ആ സ്ഥിതിക്കു ഫീസു് ഇളവു ചെയ്യണ
മെന്നു ഗവൺമ്മെണ്ടു നിശ്ചയിച്ചു കഴിഞ്ഞാൽ തന്നിമിത്തം ഉണ്ടാകുന്ന നാ
ഷ്ടം പരിഹരിക്കാനും വേണ്ടമെങ്കിൽ മാർഗ്ഗമുണ്ടാകും. ഇപ്പോൾ വിദ്യാ
ഭ്യാസവകുപ്പിൽ മൂന്നു ലക്ഷം ഉറുപ്പിക മാത്രമാണു വരവുള്ളതെന്നും അതി
ൽ കുറവുണ്ടായാൽ ബുദ്ധിട്ടു നേരിടുമെന്നുമല്ലേ വിദ്യാഭ്യാസഡയറക്ടരു
ടെ വാദം? സ്കൂൾഫീസു് പകുതിയാക്കിയാൽ ഒന്നര ലക്ഷം ഉറുപ്പിക ഗ
വൺമ്മെണ്ടിനു നഷ്ടമുണ്ടാകുമെന്നു വയ്ക്കുക. അവശ്യം ആവശ്യമല്ലാത്ത എ
ന്തെല്ലാം കായ്ങ്ങൾക്കു് ഇന്നിലേറെ വമ്പിച്ച തുകകൾ വ്യയം ചെയ്യുന്ന
ഗവൺമ്മെണ്ടിനു് ഒന്നര ലക്ഷം ഉറുപ്പികയുടെ നഷ്ടം സഹിക്കാൻ ശക്തിയി
ല്ലെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും? അനാവശ്യചിലവുകൾ ചുരു
ക്കിയിട്ടു്, സംസ്ഥാനത്തിലെ സകല കുടുംബങ്ങൾക്കും സഹായകമായി പ
രിണമിക്കുന്നതും വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതുമായ ഫീസു്
ഇളവു് ഉടനെ നടപ്പിൽ വരുത്തണമെന്നു ഞാനും അഭിപ്രായപ്പെട്ടുകൊ
ള്ളുന്നു.

മിസ്റ്റർ ടി. എ. രാമലിംഗയ്യർ.—ഞാൻ ഈ പ്രമേയത്തെ അനുകൂലി
ക്കുന്നു. ബഹുമാനപ്പെട്ട ഡയറക്ടർ പറഞ്ഞതുപോലെയുള്ള നഷ്ടം ഗവ
ൺമ്മെൻറിനു വരുമെന്നുള്ള ബോദ്ധ്യം എനിക്കില്ല. ഇപ്പോഴത്തെ സ്കൂൾഫീ
സു കൊടുക്കുവാൻപോലും സാധിയ്ക്കാതെ വളരെ കുട്ടികൾ പഠിത്തം നിറു
ത്തി പുറത്തുനില്ക്കുകയാണു ചെയ്യുന്നതു്. അവരുടെ ശമ്പളത്തിൽ കുറവു
ചെയ്യാൽ വിദ്യാർത്ഥികളുടെ എണ്ണം കൂടുമെന്നുള്ളതിനു സംശയമില്ല. അ
ങ്ങിനെയാകുമ്പോൾ വരവു കൂടുകതന്നെ ചെയ്യും. അതുകൊണ്ടു് അദ്ദേഹം
പറഞ്ഞതുമാതിരി നഷ്ടം ഗവൺമ്മൻറിനുണ്ടാകുമെന്നുള്ള ബോദ്ധ്യം എനി
യ്ക്കില്ലാത്തതിനാൽ ഞാൻ ഉതിനെ അനുകൂലിയ്ക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ.—സർ, ഈ നിശ്ചയത്തിൽ ഏതെങ്കിലും ഒരു
ഭാഗം സ്വീകരിച്ചാലും മതിയെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കു
ന്നില്ല. സ്കൂൾഫീസു് എന്നുപറഞ്ഞതു് കോളേജുഫീസിനെക്കൂടി ഉൾപ്പെട്ട
ത്തിയാണു്. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലെ ആദായമാർഗ്ഗം വളരെ കുറ
വായതുകൊണ്ടു് ഇതു സ്വീകരിയ്ക്കുവാൻ പ്രയാസമാണെന്നു ഡയറക്ടരവ
ർകൾ പറയുകയുണ്ടായി. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറു വച്ചിട്ടുള്ളതുതന്നെ
ആദായത്തിനുവേണ്ടിയല്ല. ജനങ്ങൾക്കു വിദ്യാഭ്യാസം കൊടുക്കുവാൻ വ
ച്ചിട്ടുള്ള ഒന്നായതുകൊണ്ടു് ഈ മൂന്നുലക്ഷവും വേണ്ട എന്നു വയ്ക്കുകയാണു
വേണ്ടതു്. ഇങ്ങിനെ യാതൊരു സ്കൂളിലും ഫീസുവാങ്ങാതെ തന്നെ വിദ്യാ
ഭ്യാസം കൊടുത്തുകൊണ്ടിരിക്കുന്ന ഒരു രാജ്യം ഇന്നു് ഇൻഡ്യയിലുണ്ടു്.

സാധുക്കളുടെ രക്ഷയെ ഉദ്ദേശിച്ചു പ്രൈമറിസ്കൂളുകളിൽ മാത്രം ഇതുനട
പ്പാക്കിയാൽ മതിയെന്നു് ചില മെമ്പർ ഒരു ന്യായം പറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പണക്കാരെ ബുദ്ധിമുട്ടിയ്ക്കണമെന്നുണ്ടോ; പണക്കാരുടെ നിലയിൽ അവർക്കു കുട്ടികളെ പഠിപ്പിയ്ക്കുവാൻ പ്രയാസമുണ്ടോ എന്നാണ നോക്കേണ്ടതു്. പണക്കാരുടെ കയ്യ കണക്കെടുത്താൽ കുട്ടികളെ പഠിപ്പിയ്ക്കുവാൻ പണത്തിനു പ്രയാസമില്ലാത്തവരായി നാലോ അഞ്ചോ പേരെ മാത്രമേ കാരോ ദേശത്തും കാണുകയുള്ളു. ഇവരുടെ സമ്പാദ്യക്കാർക്കും കുട്ടികളെ പഠിപ്പിയ്ക്കുവാൻ വളരെ പ്രയാസം നേരിടുന്നുണ്ടു്. സർക്കാർ ശമ്പളക്കാർക്കുകൂടി ബുദ്ധിമുട്ടുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവൺമെൻറ് എതെങ്കിലും പ്രകാരത്തിൽ രാഷ്ട്രത്തിൻറ ഗുണത്തിനുവേണ്ടിയും, പണക്കാരേയും ദരിദ്രന്മാരേയും സഹായിയ്ക്കുവാൻ വേണ്ടിയും, പ്രത്യേകിച്ചും വിദ്യാഭ്യാസത്തിൻറ ഗതിവ്യത്യാസത്തിനുവേണ്ടിയും നടപടിയിൽ വരുത്തുവാനുള്ള ഒരു സംഗതിയാണിതു്. ഇതു് ഈ രാഷ്ട്രത്തിനുതന്നെ അത്യാവശ്യമായ സകലർക്കും അനുകമ്പയുള്ളതായ ഒരു പ്രമേയമാണു്. ഗവൺമെൻറ് ഒരിക്കലും ഇപ്പോഴത്തെ നയം മാറുകയില്ലെന്നുള്ള വിശ്വാസം വയ്ക്കുന്നു. ഇതിനിടയ്ക്കു കിടക്കുന്ന തിരുവിതാംകൂറിനും അവിടത്തെ ഗവൺമെൻറ് സ്കൂൾഫീസു കുറച്ചിട്ടുണ്ടു്. അതിനാൽ ഞാൻ ഈ മോഷൻ പ്രസ്സു ചെയ്യുന്നു.

Resolution put and Carried.

10. Camping of Income tax Officer at Mattancheri.

The following Resolution standing in the name of Mr. Popatlal Goverdhan Lalan was considered withdrawn, as the member was absent.

"This Council recommends to the Government that arrangements should be made whereby the Income-tax Officer may camp at Mattancheri for examining the Books of Accounts of Assessees in Mattancheri"

11. Maximum pay to Typists.

"This Council recommends to the Government that, consistent with their good intention in sanctioning a revision of pay to the typists in the State service they may be pleased to give the maximum of the grade to those typists who have put in 25 years of service or more on 1st Chingam 1110."

Mr. P. Kumaran Ezhuthassan:— Mr. President Sir, the resolution standing in my name reads thus:— This council recommends to the Government that consistent with their good intentions in sanctioning a revision of pay to the typists in the State service they may be pleased to give the maximum of the grade to those

LIBRARY ARCHIVES Kerala Legislative Assembly